പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ അതിനുപകരം 3 പുതിയ കംപ്രസ്സറുകൾ വാങ്ങി സ്ഥാപിക്കുവാൻ മത്സ്യഫെഡ് നിർബന്ധിതമായി. ഈ സാഹചര്യത്തിൽ പുതിയതായി 3 കിർലോസ്കർ കംപ്രസ്സറുകൾ മെ: ഇൻഡോ ടെക്നോഫ്രിക്കോ എന്ന കമ്പനിക്ക് നൽകാതെ തടഞ്ഞുവച്ചിരുന്ന തുക ഉപയോഗിച്ച് വാങ്ങി പ്രസ്തുത പ്ലാന്റിൽ സ്ഥാപിച്ചു. ഈ ഇനത്തിൽ 12,11,418 രൂപ ചെലവായിട്ടുണ്ട്.

(സി) കിർലോസ്കർ കമ്പനിയിൽനിന്നും പുതുതായി പ്ലാന്റിൽ സ്ഥാപിച്ച 3 കംപ്രസ്സറുകളിൽ ഒരെണ്ണത്തിന് അത് സ്ഥാപിച്ച സമയത്തുതന്നെ കേട് സംഭവിച്ചതിനെത്തുടർന്ന് പ്രസ്തുത കംപ്രസ്സർ കിർലോസ്കർ കമ്പനിക്ക് നേരിട്ട് അയച്ചുകൊടുത്ത് റിപ്പയർ ചെയ്യിച്ച് വീണ്ടും പ്ലാന്റിൽ സ്ഥാപിച്ചു. റിപ്പയർ ചാർജ്ജ് 51,982 രൂപയായി. പ്രസ്തുത കമ്പനി ഗ്യാരന്റിയായി നൽകിയിട്ടുള്ള 51,500 രൂപയുടെ ബാങ്ക് ഗ്യാരന്റി റിവോക്ക് ചെയ്ത് മത്സ്യ ഫെഡിന് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ അഴിമതിയൊന്നും നടന്നിട്ടില്ല.

(ഇ) നഷ്ടമുണ്ടായിട്ടില്ല.

മത്സ്യ അലങ്കാർ പരിപാടി

12 (2887) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഫെബ്രുവരിയിൽ കോഴിക്കോട്ടു വച്ചു നടത്തിയ മത്സ്യ അലങ്കാർ പരിപാടിയുടെ ഇനം തിരിച്ചുള്ള വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരിപാടി നടത്തിയതിനുള്ള പണം എവിടെ നിന്ന് ലഭിച്ചു ; ഇതിനായി സർക്കാർ വകുപ്പുകളും ഏജൻസികളും എത്ര രൂപ വീതം ചെലവഴിച്ചു ; വിശദ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വരവ് ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പരിപാടിക്കുവേണ്ടി ലഭിച്ച പണത്തിന്റെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	രൂപ
കേരള സർക്കാരിൽ നിന്നും	15,50,000
സ്പോൺസർഷിപ്പു വഴി	55,000
സ്റ്റാൾ വാടകയിനത്തിൽ	8,000
ടിക്കറ്റ് വിൽപ്പനയിനത്തിൽ	2,55,046
മത്സ്യ ടാങ്കുകളുടെ വിൽപനയിനത്തിൽ	23,320
ലൈസൻസ് ഫീസ് ഇനത്തിൽ	6,50,000
മത്സ്യഫെഡിൽ നിന്നും അഡ്വാൻസ്	8, 41,000
ആകെ	27,97,366 രൂപ

'റിസർവോയർ' ഫിഷറീസ് പദ്ധതി

13 (2888) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജർമ്മനിയുടെ സഹായത്തോടെ സർക്കാർ 'നടപ്പാക്കിയ റിസർവോയർ ഫിഷറീസ് പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കുവേണ്ടി കേരള സർക്കാർ എന്തുതുക ചെലവഴിച്ചു ; ജർമൻ സഹായം എത്രയായിരുന്നു ;

(സി) പദ്ധതിക്കായി നിയോഗിച്ചിട്ടുള്ള ചില ഉദ്യോഗസ്ഥന്മാർ ജോലി ചെയ്യാതെ ശമ്പളം പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിൽനിന്നും എത്ര ഉദ്യോഗസ്ഥന്മാർ എത്ര തവണ വിദേശ യാത്രകൾ നടത്തി ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിൽ ജലസംഭരണികളിലെ മത്സ്യകൃഷി വികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ അറിവും സാങ്കേതിക വൈദഗ്ദ്ധ്യവും ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർ നേടിക്കഴിഞ്ഞ സാഹചര്യത്തിൽ പദ്ധതി 31-3-98 മുതൽ നിർത്തൽ ചെയ്യുകയായിരുന്നു.

(ബി) ജർമനിയിൽ നിന്നും സാങ്കേതിക സഹായം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. കേരള സർക്കാർ ചെലവഴിച്ച തുകയുടെ കണക്കുകൾ ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly